# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 602

01-12-2015-ൽ മറുപടിക്ക്

## സംസ്ഥാനത്തെ വ്യാവസായിക പുരോഗതി ലക്ഷ്യം വച്ച് പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണിഹാജി | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് യുവസംരംഭകർക്കായി ഇതിനകം നടത്തിയ പദ്ധതികൾ സംസ്ഥാനത്തിന്റെ വ്യവസായിക പുരോഗതിയിൽ ഉണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) & (ബി) | സംസ്ഥാനത്തെ യുവ സംരംഭകർക്കായി പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടു വരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന സംരംഭകത്വ സഹായ പദ്ധതി വഴി വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. |
| (ബി) കേരളത്തെ സംരംഭ അനുകൂല സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ ; | | സംസ്ഥാനത്തിലെ യുവ സംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് വേണ്ടുന്ന പ്രോത്സാഹനവും അവരുടെ നൂതനമായ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശവും നൽകുന്നതിനുമായി കെ.എസ്.ഐ.ഡി.സിയുടെ ആഭിമുഖ്യത്തിൽ 2014 സെപ്റ്റംബർ 12ന് കൊച്ചിയിൽ വച്ച് യുവസംരംഭകത്വ സംഗമം സംഘടിപ്പിക്കുകയുണ്ടായി. ഇതിന്റെ രണ്ടാം പതിപ്പായി 2015 സെപ്റ്റംബർ 12ന് യെസ് ക്യാൻ 2015 എന്ന സംഗമവും സംഘടിപ്പിച്ചു. കേരളത്തിലെ യുവ വിദ്യാർത്ഥി സംരംഭകർക്ക് അവരുടെ നൂതനമായ ആശയങ്ങൾ രാജ്യത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ നിക്ഷേപകർക്ക് മുന്നിൽ അവതരിപ്പിക്കുന്നതിനും അവരുമായി ആശയവിനിമയം നടത്തുന്നതിനുമുള്ള അവസരം ഒരുക്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് യെസ് ക്യാൻ 2015 സംഘടിപ്പിച്ചത്.<br><br>യുവ സംരംഭക സംഗമത്തിൽ പങ്കെടുത്ത യുവസംരംഭകർ മുന്നോട്ട് വച്ച അടിസ്ഥാന ആവശ്യങ്ങൾ ഇൻക്യുബേഷൻ സ്പേസ്, |

മെന്ററിംഗ്, ആശയങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസരം, സാമ്പത്തിക സഹായം എന്നിവയാണ് മേൽ പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- **സാമ്പത്തിക സഹായം**

  യുവ സംരംഭകർക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സിയിൽ ഒരു സീഡ് ഫണ്ടിങ് സ്കീം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി / യുവസംരംഭകരിൽ നിന്നും സമാഹരിച്ച തിരഞ്ഞെടുക്കപ്പെട്ട പതിനഞ്ചോളം ആശയങ്ങൾക്ക് ഇതിനോടകം സാമ്പത്തിക സഹായം ലഭ്യമാക്കി കഴിഞ്ഞു. കൂടുതൽ വിദ്യാർത്ഥി / യുവസംരംഭകരുടെ നൂതന ആശയങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു .

- **മെന്ററിംഗ്**

  ആവശ്യമായ മെന്ററിംഗ് നൽകുന്നതിലേയ്ക്കായി കെ.എസ്.ഐ.ഡി.സി., ടൈ, സി.ഐ.ഐ എന്നീ ഏജൻസി കളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഒട്ടാകെയുള്ള എഞ്ചിനീയറിംഗ് ഇതര കോളേജ് വിദ്യാർത്ഥികളിൽ സംരംഭകത്വ ആഭിമുഖ്യം വളർത്തിയെടുക്കുന്നതിനായി ശില്പശാലകളും, സെമിനാറുകളും സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി കൊല്ലം ടി.കെ.എം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് എൻ.ഐ.റ്റി, എറണാകുളം രാജഗിരി ബിസിനസ് സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലാസുകൾ സംഘടിപ്പിക്കുകയുണ്ടായി. കേരള പോലീസുമായി സഹകരിച്ച് തിരഞ്ഞെടുക്കപ്പെട്ട സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് സംരംഭകത്വത്തിൽ അവബോധവും പരിശീലനവും നല്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

- ഇൻക്യുബേഷൻ സ്പേസ് / സ്കിൽ ഡവലപ്മെന്റ് സെന്റർ യുവസംരംഭകർക്കായി എറണാകുളം ജില്ലയിൽ കെ.എസ്.ഐ.ഡി.സിയുടെ ഇൻക്യുബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ എരുമേലി എം.ഇ.എസ് കോളേജിൽ ഒരു സ്കിൽ ഡവലപ്മെന്റ് സെന്റർ സ്ഥാപിക്കുകയുണ്ടായി. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ്, കൊല്ലം ടി.കെ.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്നിവിടങ്ങളിൽ കെ.എസ്.ഐ.ഡി.സി.യുടെ സഹകരണത്തോടു കൂടി നിർമ്മിച്ച ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇൻകുബേഷൻ സെന്റർ പ്രവർത്തന സജ്ജമാക്കുന്നതിന് കെ.എസ്.ഐ.ഡി.സി.യിൽ നിന്നും സഹായം അഭ്യർത്ഥിച്ചിട്ടുള്ള നോൺ ഐ.റ്റി വിഭാഗത്തിൽപ്പെട്ട കോളേജുകൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഇതു കൂടാതെ, രാജ്യത്തെ തന്നെ സംരംഭകത്വ വികസന രംഗത്ത് പ്രഗൽഭരായ ഇന്ത്യൻ എയ്ഞ്ചൽ നെറ്റ് വർക്കുമായി സഹകരിച്ച്, വിദ്യാർത്ഥി യുവസംരംഭകരുടെ സംരംഭകത്വ വികസനത്തിനായുള്ള കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

(സി) പരമ്പരാഗത വ്യവസായങ്ങളെ സാങ്കേതിക വിദ്യകളുടെ മികവിൽ പുനഃരുജ്ജീവിപ്പിക്കുന്നതിന് പദ്ധതികളാവിഷ്ക്കരിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(സി) ഈ സർക്കാർ പരമ്പരാഗത വ്യവസായങ്ങളെ സാങ്കേതിക വിദ്യകളുടെ മികവിൽ പുനഃരുജ്ജീവിപ്പിക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**(I) കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ**

താരതമ്യേന താഴ്ന്ന ജീവിത നിലവാരത്തിൽ ജീവിക്കുന്ന ആർട്ടിസാൻസ് കുടുംബങ്ങൾക്ക് സ്ത്രീ ശാക്തീകരണത്തിലൂടെ സ്വയം പര്യാപ്തമാക്കുന്നതിന്

കാഡ്കോ ആവിഷ്ക്കരിച്ച തൊഴില ധിഷ്ഠിത പരിശീലന പരിപാടിയാണ് 'ഗൃഹസ്ഥ'. ഗൃഹനാഥന്റെ വരുമാനം കൊണ്ട് മാത്രം ജീവിതച്ചെലവ് വഹിക്കാൻ കഴിയാതെ വരുന്ന വനിതകൾക്ക് അവരവരുടെ വീടുകളിൽ ഇരുന്ന് ഇടവേളകളിൽ ജോലി ചെയ്ത് വരുമാനം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആയതിലേയ്ക്കായി ടെക്സ്റ്റയിൽസ് ഡിസൈനിംഗ് & സാരി ഓർണ്ണമെന്റേഷൻ, ഫാൻസി ജൂവലറി, ബാഗ് നിർമ്മാണം, പോട്ടറി ഡിസൈനിംഗ്, വുഡ് കാർവിംഗ്, കാർപ്പെന്ററി, കാബിനറ്റ് നിർമ്മാണം, കരകൗശല ഉൽപ്പന്ന നിർമ്മാണം എന്നീ മേഖലകളിൽ ഏഴ് ദിവസം മുതൽ ആറ് മാസം വരെ നീണ്ട് നിൽക്കുന്ന പരിശീലന പരിപാടികൾ 2013-14 സാമ്പത്തിക വർഷം മുതൽ കാഡ്കോ നടപ്പിലാക്കിവരികയാണ്. നാളിതു വരെ 1500 - ൽ പരം വനിതകൾക്ക് പരിശീലനം നൽകിയിട്ടുമുണ്ട്.

കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പരിധിയിൽ വരുന്നത്

കൈത്തൊഴിലുകളായ (ആർട്ടിസാൻ) മരപ്പണി, സ്വർണ്ണപ്പണി, ഓട്പാത്ര നിർമ്മാണം, കളിമൺ പാത്രനിർമ്മാണം, തുകൽപ്പണി എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന നിർമ്മാണ തൊഴിലാളികളുടെ ഉന്നമനമാണ്. കൂടാതെ തൃശ്ശൂർ, എറണാകുളം പാലക്കാട് ജില്ലകളിലെ 300 ആർട്ടിസാൻസ് വനിതകൾക്കായി ടെക്സ്റ്റയിൽസ് ഓർണ്ണമെന്റേഷനിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. പരിശീലനം കഴിഞ്ഞ വനിതകളെ സ്വയം തൊഴിൽ സംരംഭകരാക്കുന്നതിലേയ്ക്കായി തൃശ്ശൂർ, എറണാകുളം ജില്ലകളിൽ പരിശീലനം ലഭിച്ച വനിതകളെ ഉൾപ്പെടുത്തി ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ വ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുകയും ഇവർക്ക് ആവശ്യമായ യന്ത്രോപകരണങ്ങൾ വാങ്ങി നൽകുന്നതിലേയ്ക്കായി 7½ ലക്ഷം രൂപ

വീതം സർക്കാർ അനുവദിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പരിശീലനം പുരോഗമിക്കുന്നു.

**(II) ഹാന്റിക്രാഫ്റ്റ് ഡവലപ്മെന്റ് കോർപ്പ റേഷൻ ഓഫ് കേരള**

പരമ്പരാഗത കരകൗശല മേഖലയിൽ ഉൽപ്പന്ന നിർമ്മാണത്തിന് തിരുവനന്ത പുരത്ത് ഒരു കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ നടത്തി വരുന്നു. ഈ സെന്ററിൽ യു.എൻ.ഡി.പി. പദ്ധതി പ്രകാ രവും സംസ്ഥാന സർക്കാരിന്റെ സാമ്പ ത്തിക സഹായത്തോടെയും ആധുനിക വത്ക്കരണത്തിന് നിരന്തരമായുള്ള ബോധ വത്ക്കരണവും തൊഴിൽ പരിശീലനവും ആവശ്യമാണ്. ഇതിനായി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരി ന്റെയും സാമ്പത്തിക സഹായത്താൽ പരിശീലന പദ്ധതികൾ ഈ വർഷം നടപ്പിലാക്കുന്നതാണ്. മാത്രമല്ല വിപണന രംഗത്ത് ഇ-കോമേഴ്സ് പോലുള്ള തന്ത്രങ്ങൾ പരീക്ഷിക്കുവാനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്താൽ പ്രദർശന-വിൽപ്പന മേളകൾ, ക്രാഫ്റ്റ് ബസാർ, ഗാന്ധി ശില്പ ബസാർ എന്നിവ നടത്തി വരുന്നു. ഇതുവഴി താഴെ പറയുന്നവ ലക്ഷ്യമിടുന്നു.

(i) പരിശീലന പരിപാടികളിലൂടെ ആധു നികവൽക്കരണത്തിന്റെയും വൈദഗ്ദ്ധ്യ വികസനത്തിന്റെയും ആവശ്യം ഈ മേഖലയിൽ പണിയെടുക്കുന്നവരെ ബോധ്യപ്പെടുത്തുകയും അവരെ അത് പ്രയോജനപ്പെടുത്താൻ പ്രാപ്തരാക്കു കയും ചെയ്യുക.

(ii) കേരള കരകൗശല ഉൽപ്പന്നങ്ങളുടെ ബ്രാന്റ് ബിൽഡിംഗിനായി പത്രം, ടി.വി. എന്നീ മാധ്യമങ്ങളിലൂടെ വിപുലമായ പബ്ലിസിറ്റി നടത്തുക.

(iii) ഉപഭോക്താവിന്റെ അഭിരുചിക്കനുസ രിച്ച് പുതുമയുള്ള ഡിസൈൻ പ്രകാരം പുതിയ ഉൽപ്പന്നങ്ങ വികസിപ്പിക്കുക.

(iv) വിപണന രംഗത്ത് ഇ-കോമേഴ്സ് പോലുള്ള പുതിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുക.

(v) പ്രദർശന വിൽപ്പനകൾ, ക്രാഫ്റ്റ് ബസാറുകൾ എന്നിവ കൂടുതൽ വിപുലമായ രീതിയിൽ സംഘടിപ്പിക്കുക.

**(III) കേരള സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ് അപ്പക്സ് കോപ്പറേറ്റീവ് സൊസൈറ്റി (സുരഭി)**

കരകൗശല വ്യവസായത്തിന്റെ ആധുനിക വത്ക്കരണത്തിനായി താഴെ പറയുന്ന പദ്ധതികൾക്കാണ് ലക്ഷ്യമിടുന്നത്.

(i) പണിപ്പുരകളുടെ നവീകരണം.

(ii) ആധുനീക മെഷിനറികളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകൽ.

(iii) ഇവ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം.

(iv) പുതിയ ഉൽപ്പന്നങ്ങളുടെ വികസനവും നിർമ്മാണവും.

സെക്ഷൻ ഓഫീസർ